**മധുരമായ കുട്ടികളേ - ബാബക്ക് നിങ്ങൾ കുട്ടികൾ തന്നെയാണ് സ്നേഹികൾ, ബാബ നിങ്ങൾ കുട്ടികളെ ഉദ്ധരിക്കാൻ വേണ്ടിയാണ് ശ്രീമതം നൽകുന്നത്, സദാ ശ്രീമതത്തിലൂടെ മുന്നേറി സ്വയത്തെ പവിത്രമാക്കി മാറ്റൂ.**

**ചോദ്യം:-** വിശ്വത്തിൽ ശാന്തിയുടെ സ്ഥാപന എപ്പോൾ ഏതൊരു വിധിയിലൂടെയാണുണ്ടാകുന്നത്?
**ഉത്തരം:-** നിങ്ങൾക്കറിയാം വിശ്വത്തിൽ ശാന്തിയുണ്ടാകുന്നത് മഹാഭാരതയുദ്ധത്തിനു ശേഷമാണ്. എന്നാൽ അതിനുവേണ്ടി ആദ്യം തന്നെ നിങ്ങൾ തയ്യാറാകേണ്ടതുണ്ട്. തന്റെ കർമ്മാതീത അവസ്ഥയ്ക്കായി പ്രയത്നിക്കണം. സൃഷ്ടിയുടെ ആദി -മധ്യ- അന്ത്യത്തിന്റെ ജ്ഞാനം സ്മരിച്ച് ബാബയുടെ ഓർമ്മയിലൂടെ സമ്പൂർണ്ണമായും പാവനമായി മാറണം. അപ്പോഴേ ഈ സൃഷ്ടിയുടെ പരിവർത്തനമുണ്ടാകൂ.

**ഗീതം:-** ഇന്നത്തെ ലോകത്തെ മനുഷ്യർ അന്ധകാരത്തിലാണ്....

**ഓം ശാന്തി**. ഇത് ഭക്തിമാർഗ്ഗത്തിൽ പാടപ്പെട്ടിട്ടുള്ളതാണ്. പറയുന്നു ഞങ്ങൾ അന്ധകാരത്തിലാണ്. ഇപ്പോൾ ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം നൽകൂ. ജ്ഞാനസാഗരനോടല്ലേ ജ്ഞാനം യാചിക്കുക. ബാക്കി എല്ലാവരും അജ്ഞാനികളാണ്. ഇങ്ങനെ പറയാറുണ്ട് കലിയുഗത്തിൽ എല്ലാവരും അജ്ഞതയാകുന്ന അന്ധകാരത്തിൽ ഉറങ്ങുന്ന കുംഭകർണ്ണന്മാരാണ്. ബാബ പറയുന്നു ജ്ഞാനം വളരെ ലളിതമാണ്. ഭക്തിമാർഗ്ഗത്തിൽ എത്ര വേദശാസ്ത്രങ്ങളാണ് പഠിക്കുന്നത്, ഹഠയോഗങ്ങളാണ് ചെയ്യുന്നത്, ഗുരുക്കന്മാരെയാണ് സമീപിക്കുന്നത്. ഇപ്പോൾ അവരെയെല്ലാവരെയും ഉപേക്ഷിക്കണം കാരണം അവർക്കാർക്കും രാജയോഗം പഠിപ്പിക്കാൻ സാധിക്കില്ല. ബാബക്കു മാത്രമേ രാജപദവി നൽകാൻ സാധിക്കൂ. ഒരു മനുഷ്യന് ഒരിക്കലും മറ്റൊരു മനുഷ്യന് രാജപദവി നൽകാൻ സാധിക്കില്ലല്ലോ. ഇതിനെ പ്രതി തന്നെയാണ് സന്യാസിമാർ സുഖം കാകവിഷ്ടസമാനമാണെന്ന് പറയുന്നത്.അതുകൊണ്ട് സ്വയം വീടും കുടുംബവും ഉപേക്ഷിക്കുന്നു. ഈ ജ്ഞാനം കേവലം ജ്ഞാനസാഗരനായ ബാബക്കല്ലാതെ മറ്റാർക്കും നൽകാൻ സാധിക്കില്ല. ഭഗവാനാണ് ഈ രാജയോഗം പഠിപ്പിക്കുന്നത്. ഒരു മനുഷ്യനും ഒരിക്കലും പാവനമാക്കാൻ സാധിക്കില്ല. പതിതപാവനൻ ഒരേയൊരു ബാബയാണ്. മനുഷ്യൻ ഭക്തിമാർഗ്ഗത്തിൽ അകപ്പെട്ടിരിക്കുകയാണ്. ജന്മജന്മാന്തരമായി ഭക്തി ചെയ്ത് വന്നതാണ്. സ്നാനവും ചെയ്യാൻ പോകുന്നു. ഗംഗയിൽ മാത്രമല്ല സ്നാനം ചെയ്യാൻ പോകുന്നത്. എവിടെയെല്ലാം വെള്ളം അഥവാ കുളം കാണുന്നുവോ അതിനെയെല്ലാം പതിതപാവനി എന്നു കരുതുന്നു. ഇവിടെയും ഗോമുഖം എന്ന തീർത്ഥസ്ഥാനമുണ്ടല്ലോ. അവിടെ വെള്ളച്ചാട്ടമാണുള്ളത്. കിണറുകളിലുള്ള വെള്ളത്തെ പതിതപാവനി ഗംഗ എന്നു പറയില്ലല്ലോ. മനുഷ്യർ ഇതിനെയും തീർത്ഥമാണെന്നു മനസ്സിലാക്കുന്നു. വളരെയധികം മനുഷ്യർ അവിടെപ്പോയി ഭാവനയോടെ സ്നാനം ചെയ്യുന്നു. നിങ്ങൾ കുട്ടികൾക്കിപ്പോൾ ജ്ഞാനം ലഭിച്ചിരിക്കുന്നു. എന്നാൽ നിങ്ങൾ ഇതേക്കുറിച്ച് പറയുമ്പോൾ അവർ അംഗീകരിക്കില്ല. അവർക്ക് തന്റേതായ ദേഹാഹങ്കാരം ധാരാളമാണ്. ഞങ്ങൾ ഇത്രയും ശാസ്ത്രങ്ങൾ പഠിച്ചു എന്ന അഹങ്കാരം... ബാബ പറയുന്നു ഈ പഠിച്ചതെല്ലാം മറക്കണം. ഇപ്പോൾ ഈ കാര്യങ്ങളെല്ലാം തന്നെ മനുഷ്യർക്ക് മനസ്സിലാക്കാനായാണ് ഇങ്ങനെയുള്ള പോയിന്റുകൾ എഴുതി വിമാനത്തിലൂടെ താഴേക്കിടൂ എന്ന് ബാബ പറയുന്നത്. വിശ്വത്തിൽ ശാന്തി എങ്ങനെയുണ്ടാകും? എന്ന് ചോദിക്കാറുണ്ട്. ആരെങ്കിലും ഇതിനുള്ള അഭിപ്രായം പറഞ്ഞാൽ അവർക്ക് അതിനുള്ള സമ്മാനവും ലഭിക്കുന്നു? ഇപ്പോൾ അവർക്ക് ഒരിക്കലും ശാന്തി സ്ഥാപിക്കാൻ സാധിക്കില്ലല്ലോ.ശാന്തി എവിടെ നിന്നു വരാനാണ്? അസത്യമായ സമ്മാനമാണ് നൽകുന്നത്.

ഇപ്പോൾ നിങ്ങൾക്കറിയാം യുദ്ധത്തിനുശേഷമാണ് വിശ്വത്തിൽ ശാന്തിയുണ്ടാവുക. ഏതു സമയത്തു വേണമെങ്കിലും യുദ്ധമുണ്ടാകാൻ സാധിക്കും. അങ്ങനെയുള്ള തയ്യാറെടുപ്പാണ് നടന്നുകൊണ്ടിരിക്കുന്നത്. നിങ്ങൾ കുട്ടികൾ തയ്യാറെടുക്കേണ്ട താമസമേയുള്ളൂ. നിങ്ങൾ കുട്ടികൾക്ക് കർമ്മാതീത അവസ്ഥ പ്രാപിക്കുന്നതിലാണ് പ്രയത്നം. ഇപ്പോൾ ബാബ പറയുന്നു എന്നെ മാത്രം ഓർമ്മിക്കൂ. ഗൃഹസ്ഥ വ്യവഹാരത്തിലിരുന്നുകൊണ്ടും കമലപുഷ്പസമാനം പവിത്രമാകൂ, സൃഷ്ടിയുടെ ആദി- മധ്യ- അന്ത്യത്തിന്റെ ജ്ഞാനം സ്മരിച്ചുകൊണ്ടിരിക്കൂ. നിങ്ങൾക്ക് എഴുതാൻ സാധിക്കും - കൽപം മുൻപത്തേതുപോലെ ഡ്രാമയനുസരിച്ച് വിശ്വത്തിൽ ശാന്തി സ്ഥാപിക്കപ്പെടും. നിങ്ങൾക്ക് ഇതും പറഞ്ഞു കൊടുക്കാൻ സാധിക്കും, സത്യയുഗത്തിലാണ് വിശ്വത്തിൽ ശാന്തിയുണ്ടാവുക. ഇവിടെ തീർച്ചയായും അശാന്തിയാണ്. എന്നാൽ പലരും നിങ്ങളെ വിശ്വസിക്കില്ല. കാരണം അവർക്ക് സ്വർഗ്ഗത്തിലേക്ക് വരേണ്ടതില്ല അതുകൊണ്ട് ശ്രീമതവും പാലിക്കുന്നില്ല. ഇവിടെയും പലർക്കും ശ്രീമതപ്രകാരം

പവിത്രമായിരിക്കാൻ സാധിക്കുന്നില്ല. ഉയർന്നതിലും ഉയർന്ന ഭഗവാന്റെ മതമാണ് നിങ്ങൾക്ക് ലഭിക്കുന്നത്. ചിലരുടെ പെരുമാറ്റം നല്ലതല്ലെങ്കിൽ, ഇവർക്ക് ഈശ്വരൻ നല്ല മതം നൽകട്ടെ എന്ന് പറയാറുണ്ട്. ഇപ്പോൾ നിങ്ങൾക്ക് ഈശ്വരന്റെ മതപ്രകാരം ജീവിക്കണം. ബാബ പറയുന്നു, 63 ജന്മം നിങ്ങൾ വിഷയസാഗരത്തിൽ മുങ്ങിത്താണു. ബാബ കുട്ടികളോടാണ് സംസാരിക്കുന്നത്. അച്ഛൻ കുട്ടികളെത്തന്നെയാണ് ഉദ്ധരിക്കുക. പുറമെയുള്ളവർ കുട്ടികളിൽ നിന്നും മനസ്സിലാക്കണം. ബാബ പുറമെയുള്ളവരോട് സംസാരിക്കില്ല. അച്ഛന് കുട്ടികൾ തന്നെയാണ് സ്നേഹികൾ. രണ്ടാനമ്മയുടെ കുട്ടികളെ നല്ലതായി തോന്നില്ല. ലൗകിക പിതാവും സത്പുത്രന്മാർക്കേ ധനം നൽകൂ. എല്ലാ കുട്ടികളും ഒരുപോലെയാകില്ലല്ലോ. ബാബയും ഇതാണ് പറയുന്നത് ആര് എന്റേതാകുന്നുവോ അവർക്കേ സമ്പത്ത് ലഭിക്കൂ. ആരാണോ എന്റേതായി മാറാത്തത് അവർക്ക് ഈ ജ്ഞാനം ദഹിക്കില്ല. അവർക്ക് ശ്രീമതപ്രകാരം മുന്നോട്ട് പോകാൻ സാധിക്കില്ല. അവർ ഇപ്പോഴും ഭക്തരാണ്. ബാബ ഒരുപാടു പേരെ അങ്ങനെ കണ്ടിട്ടുണ്ട്. ഏതെങ്കിലും ഉയർന്ന സന്യാസിമാരുണ്ടെങ്കിൽ ധാരാളം പേർ അവരുടെ അനുയായികളായിത്തീരുന്നു. ഫണ്ട് സ്വരൂപിക്കുന്നു. അവനവന്റേതായ ശക്തിക്കനുസരിച്ച് ഫണ്ട് സ്വരൂപിക്കുന്നു. ഇവിടെ ബാബ ഒരിക്കലും ഫണ്ട് സ്വരൂപിക്കാൻ പറയില്ല. ഇവിടെ നിങ്ങൾ എന്ത് വിത്താണോ വിതക്കുന്നത് അതിന്റെ ഫലം 21 ജന്മത്തേക്ക് ലഭിക്കുന്നു. മനുഷ്യർ ദാനം ചെയ്യുമ്പോൾ മനസ്സിലാക്കുന്നു നമ്മൾ ഈശ്വരാർത്ഥം ചെയ്യുന്നു എന്ന്. ഈശ്വാർപ്പണം എന്നു പറയുന്നു അഥവാ കൃഷ്ണാർപ്പണം. എന്തിനാണ് കൃഷ്ണന്റെ പേരെടുക്കുന്നത്.? കാരണം കൃഷ്ണനെയാണ് ഗീതയുടെ ഭഗവാനെന്നു പറയുന്നത്. ശ്രീരാധാ അർപ്പണമെന്ന് ഒരിക്കലും പറയില്ല. ഈശ്വരൻ അഥവാ കൃഷ്ണൻ എന്നു പറയുന്നു. ഫലം നൽകുവാൻ ഈശ്വരനേ സാധിക്കൂ എന്നറിയാം. ഏതെങ്കിലും ധനവാന്റെ വീട്ടിൽ ജന്മമെടുത്താൽ പറയാറില്ലേ ഇതിനു മുമ്പുള്ള ജന്മത്തിൽ ദാന പുണ്യ കർമ്മങ്ങൾ ചെയ്തതുകൊണ്ടാണ് ഇങ്ങനെ ലഭിച്ചതെന്ന്. രാജാവായും മാറും. എന്നാൽ അതിലൂടെയെല്ലാം അൽപകാല കാകവിഷ്ടസമാന സുഖമാണ്. രാജാക്കന്മാരെയും സന്യാസിമാർ സന്യാസം ചെയ്യിപ്പിക്കാറുണ്ട്. അവരോട് സത്രീ സർപ്പിണിയാണെന്ന് പറയുന്നു. എന്നാൽ ദ്രൗപദി ഭഗവാനെ വിളിച്ചത് ദുശ്ശാസനൻ വസ്ത്രാക്ഷേപം ചെയ്യുന്നു എന്ന് പറഞ്ഞാണ്. ഇപ്പോഴും അബലകൾ ഞങ്ങളുടെ മാനം രക്ഷിക്കൂ എന്ന് പറഞ്ഞ് വിളിച്ചുകൊണ്ടിരിക്കുന്നുണ്ട്. ബാബാ ഇവർ ഞങ്ങളെ വളരെയധികം പ്രഹരിക്കുന്നു. വിഷം നൽകൂ അല്ലെങ്കിൽ ഞങ്ങൾ വധിക്കുമെന്ന് പറയുന്നു. ബാബാ ഞങ്ങളെ ഈ ബന്ധനത്തിൽ നിന്നും മുക്തമാക്കൂ എന്ന് പറഞ്ഞാണ് വിളിക്കുന്നത്. ബാബ പറയുന്നു ബന്ധനം അവസാനിക്കാൻ പോവുകയാണ് പിന്നീട് നിങ്ങൾ 21 ജന്മത്തേക്ക് ഒരിക്കലും നഗ്നരാകില്ല. സത്യയുഗത്തിൽ വികാരങ്ങളുണ്ടാവുകയില്ല. ഈ മൃത്യുലോകത്തിൽ ഇത് അന്തിമ ജന്മമാണ്. ഇത് വികാരീ ലോകമാണ്.

രണ്ടാമത്തെ കാര്യം ബാബ മനസ്സിലാക്കിത്തരുന്നു ഈ സമയത്ത് മനുഷ്യർ എത്ര വിവേകഹീനരായിരിക്കുന്നു. ആരെങ്കിലും മരിച്ചു കഴിഞ്ഞാൽ പറയും സ്വർഗ്ഗം പൂകി. എന്നാൽ സ്വർഗ്ഗമെവിടെ. ഇത് നരകമാണ്. സ്വർഗ്ഗവാസിയായിയെങ്കിൽ തീർച്ചയായും ഇപ്പോൾ നരകത്തിലായിരുന്നില്ലേ. എന്നാൽ നിങ്ങൾ ആരോടെങ്കിലും നരകവാസികളാണെന്നുള്ളത് നേരിട്ട് പറയുകയാണെങ്കിൽ അവർ ക്രോധത്തിലേക്കു വന്ന് പിണങ്ങിപ്പോകും. ഇങ്ങനെയിങ്ങനെ എഴുതണം. ഇന്നയാൾ സ്വർഗ്ഗം പൂകിയെങ്കിൽ അതിനർത്ഥം നിങ്ങൾ നരകവാസികളാണെന്നല്ലേ. ഞങ്ങൾ നിങ്ങൾക്ക് സത്യം സത്യമായ സ്വർഗ്ഗത്തിലേക്കു പോകാനുള്ള യുക്തിയാണ് പറഞ്ഞു തരുന്നത്. ഈ പഴയ ലോകം ഇപ്പോൾ നശിക്കാനുള്ളതാണ്. പത്രത്തിലും കൊടുക്കൂ ഇനി വരാൻ പോകുന്ന യുദ്ധത്തിനു ശേഷം വിശ്വത്തിൽ ശാന്തിയുണ്ടാകും, 5000 വർഷങ്ങൾക്കു മുൻപത്തേതുപോലെ. അവിടെ ഒരേയൊരു ആദിസനാതന ദേവീദേവതാ ധർമ്മമായിരുന്നു. ലോകത്തിലുള്ള മനുഷ്യർ പറയുന്നു അവിടെത്തന്നെയാണ് കംസൻ, ജരാസന്ധൻ എന്നീ അസുരന്മാർ ഉണ്ടായിരുന്നത്, ത്രേതായുഗത്തിൽ രാവണനേയും കാണിച്ചിരിക്കുന്നു. ജ്ഞാനമാർഗ്ഗവും ഭക്തി മാർഗ്ഗവും തമ്മിൽ രാത്രിയുടെയും പകലിന്റെയും വ്യത്യാസമുണ്ട്. ഇത്രയും സഹജമായ കാര്യം പോലും ബുദ്ധിമുട്ടിയാണ് പലരുടേയും ബുദ്ധിയിൽ ഇരിക്കുന്നത്. ഇതുപോലുള്ള സ്ലോഗനുകൾ ഉണ്ടാക്കണം. ഈ യുദ്ധത്തിനു ശേഷം ഡ്രാമയനുസരിച്ച് വിശ്വത്തിൽ ശാന്തിയുണ്ടാകണം. കൽപ്പകൽപ്പം വിശ്വത്തിൽ ശാന്തിയുണ്ടാകും പിന്നീട് കലിയുഗാന്ത്യത്തിൽ അശാന്തിയുണ്ടാകും. സത്യയുഗത്തിൽത്തന്നെയാണ് ശാന്തി. നിങ്ങൾ എഴുതണം ഗീതയിൽ തെറ്റ് എഴുതി വച്ചതിലൂടെ ഭാരതത്തിന്റെ അവസ്ഥ എന്തായിരിക്കുകയാണ്. 84 ജന്മങ്ങൾ പൂർണ്ണമായും എടുക്കുന്ന ശ്രീകൃഷ്ണന്റെ പേര് വച്ചു. ശ്രീനാരായണന്റെ പേരുപോലുമല്ല വെച്ചിരിക്കുന്നത്. ശ്രീനാരായണന് 84 ജന്മങ്ങളിലും കുറച്ചു ദിവസം കുറവായിരിക്കില്ലേ. കൃഷ്ണനാണ് പൂർണ്ണമായും 84 ജന്മങ്ങൾ എടുക്കുക. കുട്ടികളെ വജ്രസമാനമാക്കി മാറ്റുന്നതിനാണ് ബാബ വരുന്നത്. അതിനാൽ ബാബക്ക് ഇരിക്കാനുള്ള ഡപ്പിയും സ്വർണ്ണത്തിന്റേതായിരിക്കണം, ആരിലാണോ ബാബ വന്ന് പ്രവേശിക്കുന്നത്. ഇദ്ദേഹത്തെ എങ്ങനെയാണോ സ്വർണ്ണത്തിന്റേതാക്കിയത് അപ്പോൾ പെട്ടെന്ന് സാക്ഷാത്ക്കാരം ചെയ്യിച്ചു– നിങ്ങൾ

വിശ്വത്തിന്റെ അധികാരിയായി മാറുന്നു. ഇപ്പോൾ എന്നെ മാത്രം ഓർമ്മിക്കൂ, പവിത്രമാകൂ ..പവിത്രമാകാതെ ജ്ഞാനത്തിന്റെ ധാരണയുണ്ടാകില്ല. സിംഹിണിയുടെ പാലിനായി സ്വർണ്ണപ്പാത്രം ആവശ്യമാണ്. ഈ ജ്ഞാനം നൽകുന്നത് പരംപിതാ പരമാത്മാവാണ്. ഇതിനെ ധാരണ ചെയ്യാനും സ്വർണ്ണപ്പാത്രം ആവശ്യമാണ്. പവിത്രതയുണ്ടായിരിക്കണം എങ്കിലേ ധാരണയുണ്ടാകൂ. പവിത്രതയുടെ പ്രതിജ്ഞ ചെയ്തശേഷവും താഴേക്കു വീഴുകയാണെങ്കിൽ പിന്നീട് യോഗത്തിന്റെ യാത്രയും ഇല്ലാതാകും. ജ്ഞാനവും ഇല്ലാതാകും. പിന്നീട് ആരോടും കാമം മഹാശത്രുവാണെന്ന് പറയാൻ സാധിക്കില്ല അവർക്ക് ജ്ഞാനബാണം ഏൽക്കില്ല. അവർ അർദ്ധജ്ഞാനിയായി മാറും. യാതൊരു വികാരവും ഉണ്ടാകരുത്. ദിവസവും കണക്ക് വെക്കൂ എങ്ങിനെയാണോ ബാബ സർവ്വശക്തൻ അതുപോലെ മായയും സർവ്വശക്തനാണ്. അരക്കൽപ്പം രാവണരാജ്യമാണ്. ബാബക്കല്ലാതെ വിജയം നൽകാൻ മറ്റാർക്കും കഴിയില്ല. ഡ്രാമയനുസരിച്ച് രാവണരാജ്യം ഉണ്ടാവുകതന്നെ വേണം. ഭാരതത്തിന്റെ ജയപരാജയത്തിന്റെ ആധാരത്തിലാണ് ഡ്രാമ തന്നെ ഉണ്ടാക്കപ്പെട്ടിട്ടുള്ളത്. ഇത് ബാബയാണ് നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നത്. മുഖ്യമായും പവിത്രമാകുന്നതിന്റെ കാര്യമാണ്. ബാബ പറയുന്നു ഞാൻ വരുന്നതു തന്നെ പതിതരെ പാവനമാക്കുന്നതിനാണ്. ബാക്കി ശാസ്ത്രങ്ങളിൽ പാണ്ഢവരുടേയും കൗരവരുടേയും യുദ്ധം കാണിച്ചിട്ടുണ്ട്, ചൂത് കളിച്ചതായി കാണിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള കാര്യങ്ങളെല്ലാം എങ്ങനെയുണ്ടാകാനാണ്. ഇതിലൂടെയെല്ലാം രാജയോഗത്തിന്റെ പഠിപ്പ് ഉണ്ടാകുമോ? യുദ്ധമൈതാനത്തിൽ ഗീതാ പാഠശാലയുണ്ടാകുമോ? ജനനമരണരഹിതനായ ശിവബാബയും പൂർണ്ണമായും 84 ജന്മമെടുക്കുന്ന കൃഷ്ണനും തമ്മിൽ എത്ര വ്യത്യാസമാണ്. കൃഷ്ണന്റെ തന്നെ അന്തിമ ജന്മത്തിലാണ് ബാബ പ്രവേശിക്കുന്നത്. എത്ര വ്യക്തമാണ്. ഗൃഹസ്ഥ വ്യവഹാരത്തിലിരുന്നു കൊണ്ടും പവിത്രമായി മാറണം. രണ്ടു പേർക്കും ഒരുമിച്ചിരുന്നു കൊണ്ടും പവിത്രമായിരിക്കാൻ സാധിക്കില്ലെന്ന് സന്യാസിമാർ പറയുന്നു. അപ്പോൾ നിങ്ങളവരോട് പറയണം, ഒരു പ്രാപ്തിയുമില്ലെങ്കിൽ എങ്ങിനെ ഇരിക്കാൻ കഴിയും. ഇവിടെയാണെങ്കിൽ വിശ്വത്തിന്റെ ചക്രവർത്തീപദവിയുടെ പ്രാപ്തിയുണ്ട്. ബാബ പറയുന്നു, എന്റെ കുലത്തിന്റെ അഭിമാനത്തെ സംരക്ഷിക്കൂ. ശിവബാബ പറയുന്നു, ഇദ്ദേഹത്തിന്റെ താടിയുടെ മാനം കാക്കൂ. ഈയൊരു അന്തിമജന്മം പവിത്രമായിരിക്കുകയാണെങ്കിൽ സ്വർഗ്ഗത്തിന്റെ അധികാരിയാകും. നിങ്ങൾ അവനവനു വേണ്ടിയാണ് പ്രയത്നിക്കുന്നത്. മറ്റാർക്കും തന്നെ സ്വർഗ്ഗത്തിലേക്ക് വരാൻ സാധിക്കില്ല. ഇവിടെ നിങ്ങളുടെ രാജധാനിയാണ് സ്ഥാപിച്ചു കൊണ്ടിരിക്കുന്നത്. ഇതിൽ എല്ലാ പദവിയിലുള്ളവരും ആവശ്യമാണ്. അവിടെ മന്ത്രിമാർ ഉണ്ടാകില്ല. രാജാക്കന്മാർക്ക് അഭിപ്രായത്തിന്റെ ആവശ്യം അവിടെയില്ല. പതിത രാജാക്കന്മാർക്ക് ഒരു മന്ത്രി ഉണ്ടാകും. ഇവിടെ നോക്കൂ എത്ര മന്ത്രിമാരാണ്. പരസ്പരം കലഹിച്ചുകൊണ്ടേയിരിക്കുന്നു. ബാബ എല്ലാ പ്രശ്നങ്ങളിൽ നിന്നും മുക്തമാക്കുന്നു. 3000 വർഷം ഒരു യുദ്ധവും ഉണ്ടാകില്ല. ജയിലുകൾ, കോടതികൾ ഒന്നും ഉണ്ടാകില്ല. സത്യയുഗത്തിൽ സുഖം തന്നെ സുഖമാണ്. അതിനു വേണ്ടിയുള്ള പുരുഷാർത്ഥം ചെയ്യണം. മരണം തലക്കു മുകളിലാണ്. ഓർമ്മയുടെ യാത്രയിലൂടെ വികർമ്മാജീത്ത് ആയി മാറും. നിങ്ങൾ തന്നെയാണ് എല്ലാവർക്കും ബാബയുടെ സന്ദേശം നൽകുന്ന സന്ദേശവാഹകർ. മന്മനാഭവ എന്ന സന്ദേശം. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരികെക്കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയകുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യ സാരം:-

1. ജ്ഞാനത്തിന്റെ ധാരണക്കു വേണ്ടി പവിത്രമായി ബുദ്ധിയാകുന്ന പാത്രത്തെ സ്വച്ഛമാക്കി മാറ്റണം. കേവലം അർദ്ധജ്ഞാനിയാകരുത്.

2. നേരിട്ട് ബാബയുടെ മുന്നിൽ തന്റെ സർവ്വതും സമർപ്പണം ചെയ്ത് ശ്രീമതം അനുസരിച്ച് 21 ജന്മത്തേക്കു വേണ്ടി രാജ്യപദവി നേടണം.

## വരദാനം- ഓരോ ശക്തികളേയും കാര്യങ്ങളിൽ ഉപയോഗിച്ച് വർദ്ധിപ്പിക്കുന്ന ശ്രേഷ്ഠ ധനവാൻ അഥവാ ബുദ്ധിവാനായി ഭവിക്കട്ടെ.

ബുദ്ധിമാൻമാരായ കുട്ടികൾക്ക് ഓരോ ശക്തികളേയും കാര്യങ്ങളിൽ ഉപയോഗിക്കേണ്ട വിധി അറിയും. ആര് എത്രയധികം ശക്തികളെ കാര്യങ്ങളിൽ ഉപയോഗിക്കുന്നുവോ അത്രയധികം അവരുടെ ശക്തികൾ വർദ്ധിക്കുന്നു.അതിനാൽ വിശ്വത്തിലെ ഓരോ ആത്മാക്കളും താങ്കളിൽ നിന്നും എന്തെങ്കിലുമൊരു പ്രാപ്തി

നേടി താങ്കളുടെ ഗുണഗാനം പാടണം.അങ്ങിനെയുള്ള ഈശ്വരീയബജറ്റ് ഉണ്ടാക്കണം.എല്ലാവർക്കും എന്തെങ്കിലുമൊക്കെ നൽകുകതന്നെ വേണം.അത് മുക്തിയോ ജീവൻമുക്തിയോ ആകാം.ഈശ്വരീയബജറ്റ് ഉണ്ടാക്കി സർവ്വ ശക്തികളേയും മിച്ചം വെച്ച് ശേഖരിക്കണം.ഒപ്പം ശേഖരിച്ച ശക്തികളിലൂടെ സർവ്വാത്മാക്കളേയും യാചനയിൽനിന്നും മുക്തമാക്കുകയും വേണം.

## സ്ലോഗൻ–ശുദ്ധസങ്കൽപങ്ങളെ തന്റെ ജീവിതത്തിന്റെ അമൂല്യമായ ഖജനാവാക്കി മാറ്റുകയാണെങ്കിൽ അതിസമ്പന്നരായി മാറാം.

**മാതേശ്വരീജിയുടെ അമൂല്യ മഹാവാക്യം –**

**'ഇപ്പോൾ വികർമ്മമുണ്ടാക്കുന്നതിന്റെ മത്സരം നടത്തരുത്'**

ഏറ്റവുമാദ്യം സ്വയം ഈ ഒരു ലക്ഷ്യം അവശ്യം വെക്കണം എനിക്ക് ഏത് രീതിയിലും എന്റെ വികാരങ്ങളെ വശത്താക്കണം, അപ്പോൾ മാത്രമേ ഈശ്വരീയ സുഖ– ശാന്തിയിൽ കഴിയാൻ സാധിക്കൂ. നമ്മുടെ മുഖ്യമായ പുരുഷാർത്ഥമാണ് സ്വയം ശാന്തിയിൽ കഴിഞ്ഞ് മറ്റുള്ളവരേയും ശാന്തിയിലേക്ക് കൊണ്ട് വരിക, ഇതിൽ സഹനശക്തി തീർച്ചയായും ആവശ്യമാണ്. തന്നിലാണ് എല്ലാത്തിന്റെയും ആധാരം, ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ അശാന്തമായി, ഇങ്ങനെയാകരുത്. പാടില്ല. ജ്ഞാനത്തിന്റെ ആദ്യത്തെ ഗുണമാണ് സഹനശക്തി ധാരണ ചെയ്യുക. നോക്കൂ അജ്ഞാനകാലത്തിലും പറയാറുണ്ട്, ആര് എത്ര ചീത്ത പറഞ്ഞാലും ഇങ്ങനെ മനസ്സിലാക്കൂ, എന്റെ മേൽ പറ്റിയോ? ആര് ചീത്ത പറഞ്ഞോ അവർ സ്വയം അശാന്തിയിലേക്ക് വന്നു, അവർ സ്വന്തം കണക്കുണ്ടാക്കി. എന്നാൽ നമ്മളും അശാന്തിയിലേക്ക് വന്ന്, എന്തെങ്കിലും പറഞ്ഞാൽ പിന്നീട് നമ്മുടെയും വികർമ്മമുണ്ടാകും, അതുകൊണ്ട് വികർമ്മമുണ്ടാക്കുന്നതിനുള്ള മത്സരം നടത്തരുത്. നമുക്ക് വികർമ്മം ഭസ്മമാക്കുകയാണ് ചെയ്യേണ്ടത്, അല്ലാതെ ഉണ്ടാക്കുകയല്ല, ഇങ്ങനെയുള്ള വികർമ്മം ജന്മ ജന്മാന്തരം ഉണ്ടാക്കിയാണ് വന്നത്, ദു:ഖം ഏറ്റുവാങ്ങിയാണ് വന്നത്. ഇപ്പോൾ ജ്ഞാനം ലഭിച്ചുകൊണ്ടിരിക്കുന്നു ഈ അഞ്ച് വികാരങ്ങളെ ജയിക്കൂ. വികാരങ്ങൾക്കും വളരെയധികം വിസ്താരമുണ്ട്, വളരെ സൂക്ഷ്മ രീതിയിലാണ് വരുന്നത്. ചിലപ്പോൾ അസൂയ വരുമ്പോൾ ചിന്തിക്കുന്നു ഇവർ ഇങ്ങനെ ചെയ്താൽ എനിക്ക് എന്തുകൊണ്ട് ചെയ്തു കൂടാ? ഇതാണ് വലിയ തെറ്റ്. സ്വയത്തെ കുറ്റമറ്റവരാക്കണം, അഥവാ ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ മനസ്സിലാക്കൂ ഇതും എന്റെ പരീക്ഷയാണ്, എത്രത്തോളം എന്റെയുള്ളിൽ സഹനശക്തിയുണ്ട്? അഥവാ ആരെങ്കിലും പറയുകയാണ് ഞാൻ വളരെ സഹിച്ചു, ഒരു തവണ ആവേശം വന്നു, അപ്പോൾ അവസാനം പരാജയപ്പെട്ടു. ആര് പറഞ്ഞോ അവർ അവരുടേത് നശിപ്പിച്ചു, എന്നാൽ നമുക്ക് ഉണ്ടാക്കുകയാണ് വേണ്ടത്, അല്ലാതെ നശിപ്പിക്കുകയല്ല അതുകൊണ്ട് നല്ല പുരുഷാർത്ഥം ചെയ്ത് ജന്മ ജന്മാന്തരത്തേക്കായി നല്ല പ്രാലബ്ധം ഉണ്ടാക്കണം. ബാക്കി ആരാണോ വികാരങ്ങൾക്ക് വശപ്പെട്ടിരിക്കുന്നത് അവരിൽ ഭൂതം പ്രവേശിച്ചത് പോലെയാണ്, ഭൂതങ്ങളുടെ ഭാഷ തന്നെ അങ്ങനെയായിരിക്കും എന്നാൽ ആരാണോ ദൈവീക ആത്മാക്കൾ, അവരുടെ ഭാഷ ദൈവീകമായത് തന്നെയായിരിക്കും . അതുകൊണ്ട് സ്വയത്തെ ദൈവീകമാക്കണം അല്ലാതെ ആസുരീയമല്ല. ശരി – ഓംശാന്തി.

**അവ്യക്തസൂചന–സഹജയോഗിയാകണമെങ്കിൽ പരമാത്മാസ്നേഹത്തിന്റെ അനുഭവികളായി മാറൂ..**

പരമാത്മാസ്നേഹത്തിന്റെ അനുഭവികളായി മാറുകയാണെങ്കിൽ, ഈ അനുഭവത്തിലൂടെ സഹജയോഗിയായി പറക്കാൻ സാധിക്കും.പരമാത്മാസ്നേഹം പറന്നുയരാനുള്ള മാർഗ്ഗമാണ്.പറക്കുന്നവർ ഒരിക്കലും ഭൂമിയിലെ ആകർഷണത്തിൽ വരില്ല. മായയുടെ എത്ര വലിയ ആകർഷണീയമായ രൂപമാണെങ്കിലും ആ ആകർഷണങ്ങളൊന്നും പറക്കുന്നകലയുള്ളവരുടെ അടുത്തേക്കുപോലുമെത്തില്ല.